# മാവൂരിലേക്ക് ബിർള ഗ്രൂപ്പ് വീണ്ടും വരുന്നു

പി.കെ.എം. ചേക്കു

മാവൂരിലെ ഐതിസാഹസിക സമരങ്ങളെത്തുടർന്ന് റയോൺ ഫാക്ടറി അടച്ച് പൂട്ടിയിട്ട് 10 വർഷം പിന്നിടുന്ന സാഹചര്യത്തിൽ ബിർള ഗ്രൂപ്പിനെ പുതിയ രൂപത്തിൽ ഇവിടേയ്ക്ക് കൊണ്ടുവരണമെന്ന ആലോചനയാണ് ഭരണതലത്തിൽ നടക്കുന്നത്. മാവൂർ സമരം ഉന്നയിച്ച പ്രധാന ആവശ്യങ്ങൾ ഇനിയും പരിഗണിക്കാൻ ബാക്കിനിൽക്കെയാണ് കൂടുതൽ ആനുകൂല്യങ്ങൾ നൽകി ബിർളയെ വീണ്ടും പ്രതിഷ്ഠിക്കാൻ ശ്രമിക്കുന്നത്. സമരം അന്ന് പ്രധാനമായും മുന്നോട്ട് വച്ചിരുന്നത് മൂന്ന് കാര്യങ്ങളാണ്. ഫാക്ടറി അടച്ചുപൂട്ടുക, നഷ്ടപരിഹാരം നൽകുക, ദുരിതങ്ങൾ അനുഭവിച്ചവരെ പുനഃവസിപ്പിക്കുക. കമ്പനി അടച്ചുപൂട്ടിയെങ്കിലും മറ്റ് രണ്ട് ആവശ്യങ്ങൾ വേണ്ടവിധം പരിഗണിക്കാൻ സർക്കാരിന് കഴിഞ്ഞിട്ടില്ല. അനുഭവിച്ച ദുരിതങ്ങളുമായി താരതമ്യം ചെയ്താൽ വളരെ ചെറിയ തുക മാത്രമാണ് നഷ്ടപരിഹാരമായി നൽകിയത്. ഫാക്ടറിക്കായി ചെറിയ തുകയ്ക്കാണ് അന്ന് സർക്കാർ ജനങ്ങളുടെ കൈയ്യിൽ നിന്നും ഭൂമി ഏറ്റെടുത്തത്. എന്നാൽ ഫാക്ടറി അടച്ച് പൂട്ടിയ ശേഷം സ്ഥലം തിരികെ അതിന്റെ ഉടമസ്ഥർക്ക് കൈമാറാൻ സർക്കാർ ശ്രമിച്ചിട്ടില്ല.

കറണ്ട് ബില്ലും, അസംസ്കൃത വസ്തുക്കൾ വാങ്ങിയ ഇനത്തിലും ബിർള കോടികൾ സർക്കാറിന് അടയ്ക്കാനുണ്ട്. അവിടെയുണ്ടായിരുന്ന മാലിന്യം പൂർണ്ണമായി നീക്കം ചെയ്യാൻ കമ്പനിക്ക് കഴിഞ്ഞിട്ടില്ല. അന്ന് ഇവിടെ ട്രേഡ് യൂണിയൻ നേതാവായിരുന്ന എളമരം കരീം ഇതെല്ലാം മറന്നുകൊണ്ടാണ് ഇന്ന് ബിർളയെ വീണ്ടും ക്ഷണിക്കാനൊരുങ്ങുന്നത്. സർക്കാറിന് പല നഷ്ടങ്ങളുമുണ്ടാക്കിക്കൊണ്ടാണ് അന്ന് ഫാക്ടറി പ്രവർത്തിച്ചിരുന്നത്. അസംസ്കൃത വസ്തുക്കൾ തുച്ഛമായ വിലയ്ക്കാണ് അവർ വാങ്ങിയിരുന്നത്. 60 ദശലക്ഷം ലിറ്റർ വെള്ളം ഒറ്റ പൈസ പോലും നൽകാതെയാണ് ദിവസവും ചാലിയാറിൽ നിന്നെടുത്തിരുന്നത്. കമ്പനിയുമായി നേരിട്ട് ബന്ധപ്പെടാതിരുന്ന പല തൊഴിലാളികൾക്കും ഇനിയും നഷ്ടപരിഹാരം ലഭിച്ചിട്ടില്ല. വരാൻ പോകുന്ന പുതിയ ഫാക്ടറിയെക്കുറിച്ച് എൽ.ഡി.എഫ്. യോഗത്തിൽ ചർച്ച ചെയ്തതായാണ് അറിയുന്നത്. ഏത് ഫാക്ടറി വന്നാലും ചാലിയാറിലേക്ക് ഒരുതുള്ളി മാലിന്യമൊഴുക്കാൻ ഞങ്ങൾ അനുവദിക്കില്ല.

---

# കുടിയൊഴിപ്പിക്കൽ ഇല്ലാതെ കോച്ച് ഫാക്ടറി

പി.എസ്. പണിക്കർ

കഞ്ചിക്കോട് റെയിൽവേ കോച്ച് ഫാക്ടറി. 1500 പേരുടെ കുടിയിറക്കും അതിവർഷം 1400 ടൺ നെല്ലുല്പാദിപ്പിക്കുന്ന അതീവ ജൈവവൈവിദ്ധ്യത്തിലുള്ള പാടശേഖരങ്ങളും വലുതും ജലസമൃദ്ധവുമായ നീർത്തടങ്ങൾ നികത്തലും ഒഴിവാക്കി കേവലം 400 ഏക്കർ ചുരുക്കി സ്ഥാപിക്കുവാനുള്ള റൈറ്റ്സിന്റെ നിർദ്ദേശം സ്വാഗതാർഹമാണെന്നും പ്രസ്തുത ഭൂമി റെയിൽവേക്ക് കൈമാറാൻ സംസ്ഥാന ഗവൺമെന്റും ജില്ലാ ഭരണകൂടവും നടപടികൾ കൈകൊള്ളണമെന്നും ഭാരതപ്പുഴ സംരക്ഷണസമിതി (ഇന്ത്യന്നൂർ ഗോഡ്), ജനജാഗ്രത (ഡോ. പി.എസ്. പണിക്കർ), പ്ലാച്ചിമട കൊക്കകോള വിരുദ്ധ സമിതി (വിളയോടി വേണുഗോപാൽ), പാലക്കാട് മുന്നോട്ട് (ഡോ. എം.എൻ. അൻവറുദ്ദീൻ), SUCI (കെ. അബ്ദുൾ അസീസ്), മലമ്പുഴ ഡാം സംരക്ഷണ സമിതി (എ. ഭാസ്കരൻ) എന്നീ സംഘടനകൾ ഒരു സംയുക്ത പ്രസ്താവനയിൽ ആവശ്യപ്പെട്ടു. ഇപ്പോൾ ഏറ്റെടുക്കുന്ന ഇൻസ്ട്രുമെന്റേഷന്റെ കൈവശമുള്ള 400 ഏക്കർ ഭൂമി വർഷങ്ങളായി തരിശായിക്കിടക്കുന്നതും സമരസമിതി ഗാഥയാണ്. ഇവിടെ കൃഷിയോ നീർത്തടങ്ങളോ ഇല്ലെന്നും കേരളത്തിലെവിടെയുമുള്ള പച്ചപ്പേ ഉവടെയുമുള്ളുവെന്നും ഭാഗ്യശക്തികളുടെ സ്വാധീനമുള്ളവരുടെയും സമരമാണിതെന്നുമുള്ള കല്ലുവെച്ച നുണകൾ പ്രചരിപ്പിച്ചവരുടെ വാദങ്ങൾ ജനങ്ങളുടെ ധീരവും അഹിംസാത്മകവുമായ ചെറുത്തുനില്പ്പിന്റേയും നിസ്സഹകരണത്തിന്റേയും മുന്നിൽ അടിയറവെച്ചു. ഒരുവശത്തുകൂടി ഭക്ഷ്യസുരക്ഷിതത്വവും ജലസംരക്ഷണവും പറയുകയും മറുവശത്തുകൂടി നെൽവയലുകളും നീർത്തടങ്ങളും നികത്തുന്ന ഭരണാധികാരികളുടെ ഇരട്ടത്താപ്പ് സാധാരണക്കാരായ ജനങ്ങൾ പൊളിച്ചുകാട്ടി. ഭൂരിപക്ഷവും മുൻപ് രണ്ടുതവണ കുടിയിറക്ക് ഭീഷണിയുടെ മുൾമുനയിലായിരുന്നു. അവർ തിന്നുന്ന വേദനയ്ക്കും ഉറക്കമില്ലാത്ത രാത്രികൾക്കും ആര് നഷ്ടപരിഹാരം നല്കും. ? കഴിഞ്ഞ ഒൻപതുവർഷത്തിലേറെയായി ഭൂമി ഏറ്റെടുക്കുന്നതിനായി പണിയൊന്നും ചെയ്യാതെ കുത്തിയിരുന്ന 30ൽപരം ഉദ്യോഗസ്ഥരുടെ ശമ്പളവകയിൽ ചെലവായ ലക്ഷക്കണക്കിന് രൂപ ആരു നൽകും? ജനങ്ങളുമായി ആലോചിക്കാതെ ചില ജനപ്രതിനിധികളും ചില സർവ്വകക്ഷി രാഷ്ട്രീയ നേതാക്കളും കൂടി ഏകപക്ഷീയമായ തീരുമാനമെടുത്താൽ ഇതായിരിക്കും പരിണിതഫലമെന്ന് ഈ ജനകീയ സമരം തെളിയിച്ചു. ഈ സമരത്തിൽ പുരുഷന്മാരേക്കാൾ സ്ത്രീകൾ ആയിരുന്നു മുന്നിൽ എന്നത് പറിച്ചെറിയപ്പെടുന്ന കുടുംബത്തിന്റെ വേവലാതി മൂലമാണെന്ന് പറയാതെ തരമില്ല.